**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | എം.സി.റോഡിലെ പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനായി നിലവിൽ 13 ബസുകൾ ഉപയോഗപ്പെടുത്തി കുട്ടനാട്ടിൽ കെ.എസ്.ആർ.ടി.സി പരമാവധി സർവ്വീസുകൾ ക്രമീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ബോട്ട് യാത്ര ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ടു സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽ നിന്നും സർവ്വീസ് നടത്തിവരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടു കൂടിയ റെസ്ക്യൂ ആന്റ് ഡൈവ് ബോട്ട്, ആംബുലൻസ് സർവ്വീസ് നടത്തുന്നതിനായി 24 മണിക്കൂറും സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനീകരീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ ഉപയോഗിച്ച് വരുന്നു. ഇന്ത്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് "ആദിത്യ"യുടെ സർവ്വീസ് വിജയകരമായതിനെ തുടർന്ന് ഇത്തരത്തിലുള്ള സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ കാറ്റമറൈൻ |

| | | | |
|---|---|---|---|
| | | | ബോട്ടുകളും വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്ക് എത്തപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാ പ്രവർത്തനം നടത്തുന്നതിനായി രൂപ കൽപന ചെയ്ത ഡിങ്കി ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കുട്ടനാട്ടിൽ നിർത്തലാക്കിയ ലാഭകരമായി ഓടിയിരുന്ന മുഴുവൻ സ്റ്റേ സർവീസ്സുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോവിഡിന് മുമ്പ് ആലപ്പുഴ KSRTCഡിപ്പോയിൽ നിന്നും ചമ്പക്കുളം സ്റ്റേ സർവ്വീസാണ് ഉണ്ടായിരുന്നത്. ചമ്പക്കുളം via പുളിങ്കുന്ന് സ്റ്റേ സർവ്വീസായി നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br><br>കോവിഡ് സാഹചര്യത്തിൽ കുട്ടനാട്ടിൽ നിർത്തലാക്കിയ സ്റ്റേ ബോട്ടുകൾ ഇപ്പോൾ ക്രമീകരിച്ചിട്ടുണ്ട്. . |

സെക്ഷൻ ഓഫീസർ